**നഗരാസൂത്രകന്റെ കാര്യാലയം,**
**ഇടുക്കി 685602, ഫോൺ നമ്പർ 0486-2235224,**
Email- tcpdidk@gmail.com.

**നഗരാസൂത്രകന്റെ നടപടിക്രമം**
**(ഹാജർ ജിമ്മിച്ചൻ മാത്യു, നഗരാസൂത്രകൻ)**

വിഷയം : പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് പെട്രോൾ പമ്പ് നിർമ്മാണം – സ്ഥല വിനിയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : 1. അരുൺ ശിവപ്രസാദ്, സ്രാമ്പിക്കൽ, ബാലഗ്രാം പി.ഓ, ഇടുക്കി എന്നയാളുടെ 06/08/2021, 03/09/2021- എന്നീ തീയതികളിലെ അപേക്ഷയും പ്ലാനുകളും
2. ഈ ഓഫീസിലെ TCPIDK/119/2020-D1 തീയതി 11/09/2020 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ TCPIDK/192/2021-D1 തീയതി08/09/2021**

പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിൽ കരുണാപുരം വില്ലേജ് സർവ്വേ നമ്പർ 67/1, 540/6 - ൽ പെട്ടതും, അരുൺ ശിവപ്രസാദ്, സ്രാമ്പിക്കൽ, ബാലഗ്രാം പി.ഓ, ഇടുക്കി എന്നയാളുടെ ഉടമസ്ഥതയിൽ ഉള്ളതുമായ 688 ച.മീ. വിസ്തീർണ്ണമുള്ള സ്ഥലത്ത് 192 ച.മീ. വിസ്തീർണ്ണമുള്ള കാനോപ്പി, 40.25 ച.മീ സെയിൽസ് കെട്ടിടം ( Total 232.25 ച.മീ.) എന്നിവ ഉൾപ്പെടുന്ന പെട്രോൾ പമ്പ് നിർമ്മിക്കുന്നതിന് ഈ ഓഫീസിൽ നിന്ന് സ്ഥല വിനിയോഗത്തിനും കെട്ടിടങ്ങളുടെ ലേ ഔട്ടിനും പരാമർശം (2) മുഖേന അംഗീകാരം നൽകിയതാണ്. എന്നാൽ അംഗീകാരം നൽകിയിട്ടുള്ള പ്ലാനിൽ നിന്ന് വ്യതിചലിച്ച് സെയിൽസ് ബിൽഡിംഗിന് സെല്ലാർ ഫ്ലോർ കൂടി നൽകി (GF – 38.46 ച.മീ + Cellar Floor – 38.46 ച.മീ. ആകെ – 76.92 ച.മീ.) കാനോപ്പി – 240 ച.മീ. എന്നീ നിർമ്മാണങ്ങൾ ഉൾപ്പെടുന്ന ആകെ 316.92 ച.മീ. വിസ്തൃതിയുള്ള നിർമ്മാണങ്ങൾ നടത്തി പരാമർശം (1) മുഖേന അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു. പരാമർശം (2) പ്രകാരം അംഗീകാരം ലഭിച്ച പ്ലാനിൽ നിന്നും 5% കൂടുതൽ വ്യതിയാനം നടത്തിയിട്ടുള്ളതിനാൽ പരാമർശം (1) മുഖേന ലഭ്യമാക്കിയ അപേക്ഷയും പ്ലാനുകളും ചട്ടം 5(6) ന്റെ വിലയിരുത്തൽ നടത്തിയതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ. 2019 ചട്ടം 30 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി സ്ഥല വിനിയോഗത്തിനും കെട്ടിടങ്ങളുടെ ലേ ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി (കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KPBR-2019), ചട്ടം 5(4)) എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്കുപ്പൻസി/ക്രമവൽക്കരണം നൽകുവാൻ പാടുള്ളു.
2. നിർമ്മാണങ്ങളുടെ ഭാഗമായി മണ്ണ് നീക്കം ചെയ്യേണ്ടതുള്ള പക്ഷം ചട്ടം 10 പ്രകാരം ഉള്ള അനുമതികളും ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതിയും ലഭ്യക്കണം. മണ്ണ് നീക്കം ചെയ്ത ശേഷം മൺതിട്ട നിലനിർത്തുന്ന പക്ഷം ആയത് Retaining Wall കെട്ടി സംരക്ഷിച്ചിരിക്കണം.
3. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KPBR-2019), ചട്ടം 9(2) പ്രകാരം പ്ലോട്ടിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, തരം, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകരുടെ നിർമ്മാണാവകാശം, നിർദ്ദിഷ്ട നിർമ്മാണസ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപെട്ടിട്ടില്ലായെന്നും ബന്ധപ്പെട്ട എല്ലാ രേഖകളും

പരിശോധിച്ച് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

4. നിർമ്മാണം കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KPBR-2019) നും, അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
5. കെ.പി.ബി.ആർ 2019 ചട്ടം 79(6) പ്രകാരമുള്ള In-situ liquid waste management treatment plant, Provision for recycling and reusing of waste water generated നും ഉള്ള സംവിധാനം നൽകേണ്ടതാണ്.
6. ക്രമവൽക്കരിക്കേണ്ട കെട്ടിട ഭാഗങ്ങൾ കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KPBR-2019), Chapter-XX ലെ നടപടിക്രമങ്ങൾ പാലിച്ച് ക്രമവൽക്കരിക്കേണ്ടതാണ്.
7. വിഭാവനം നിർമ്മാണ സ്ഥലം കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ ആക്ട് 2008 നും തുടർന്ന് 2018 ലെ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
8. നിർമ്മാണ സമയത്ത് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ നൽകേണ്ടതാണ്.
9. അപേക്ഷകന് ഈ സ്ഥലത്തു TCPIDK/119/2020-D1 തീയതി 11/09/2020 ആയി ഈ ഓഫീസിൽ നിന്നും സ്ഥല വിനിയോഗത്തിനും കെട്ടിടങ്ങളുടെ ലെ ഔട്ടിനും നല്കിയിരുന്ന ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്യുന്നു.

Signature Not Verified
Digitally signed by RAJESH T N
Date: 2021.09.08 13:18:33 IST
Reason: Approved

**RAJESH T N, TP TPIDK, O/o TP TPIDK**

ഉള്ളടക്കം : അംഗീകാരം രേഖപ്പെടുത്തിയ പ്ലാൻ

To

അരുൺ ശിവപ്രസാദ്, ശ്രാമ്പിയ്ക്കൽ, ബാലഗ്രാം പി.ഓ,
തേർഡ്ക്യാമ്പ്

പകർപ്പ് : 1. സെക്രട്ടറി, പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത്.
(അംഗീകാരം രേഖപ്പെടുത്തിയ പ്ലാൻ സഹിതം)
2. കരുതൽ ഫയൽ